"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല - വെട്ടം ഗ്രാമ പഞ്ചായത്ത് - വാക്കാട് ബീച്ചിൽ ഭിന്നശേഷി പാർക്ക് നിർമ്മാണം പദ്ധതിയ്ക്കായുള്ള നിയമാനുസൃതമല്ലാത്ത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കണമെന്ന ഗ്രാമ പഞ്ചായത്തിന്റെ നിയമാനുസൃതമല്ലാത്ത തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.553/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. വെട്ടം ഗ്രാമപഞ്ചായത്തിന്റെ 30.01.2025 ലെ സാധാരണ യോഗത്തിലെ 3(1) നമ്പർ തീരുമാനം
2. വെട്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/02/2025 ലെ 400918/DPDC02/GPO/2025/600/(1) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ 2024-25 ബജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയിട്ടുള്ള വെട്ടം ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിൽ വാക്കാട് ഭിന്നശേഷി പാർക്ക് നിർമ്മാണ പദ്ധതിയ്ക്കായി കണ്ടെത്തിയിട്ടുള്ള വാക്കാട് ഫിഷ് ലാന്റിംഗ് സെന്ററിന് വടക്ക് ഭാഗത്തായും വെട്ടം വില്ലേജ് പച്ചാട്ടിരി അംശം പറവണ്ണ ദേശം സർവ്വെ നമ്പർ 371 ന് പടിഞ്ഞാറ് വശത്തായും സ്ഥിതി ചെയ്യുന്ന അൺസർവ്വേഡ് ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തി അടിയന്തരമായി ആരംഭിക്കണമെന്ന് വെട്ടം ഗ്രാമപഞ്ചായത്തിന്റെ 30.01.2025 ലെ സാധാരണ യോഗം വിലയിരുത്തിയിരുന്നു. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം-1994, സെക്ഷൻ 218 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട നദികൾ ഒഴികെയുള്ള എല്ലാ നദികളുടെയും തോടുകളുടെയും ഉൾപ്പടെയുള്ള ജലാശയങ്ങളോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത തൊട്ടടുത്തുള്ള എല്ലാ ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള പൂർണ്ണമായ അധികാരം നിക്ഷിപ്തമാക്കാമെങ്കിലും കടൽത്തീരത്തോട് ചേർന്ന് കിടക്കുന്ന സ്വകാര്യ ഭൂമി അല്ലാത്ത പൊതുസ്ഥലങ്ങൾ (അൺസർവ്വേയ്ഡ് ഭൂമി ഉൾപ്പെടെ) പഞ്ചായത്തിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ പ്രതിപാദിക്കാത്ത സാഹചര്യത്തിൽ ഈ സ്ഥലം നിയമപരമായ നടപടികളിലൂടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലും അധീനതയിലും ആക്കിയാൽ മാത്രമെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ സാധിക്കുയുള്ളുവെന്ന് പഞ്ചായത്ത് സെക്രട്ടറി പഞ്ചായത്തിനെ അറിയിച്ചുവെങ്കിലും ബജറ്റിൽ അനുവദിച്ചിട്ടുള്ള ടി പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നതിനാൽ ടി എതിർപ്പിനെ അവഗണിച്ചുകൊണ്ട് നിയമപരമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ കഴിയാത്ത സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുവാൻ പരാമർശം (1) പ്രകാരം തീരുമാനം കൈക്കൊണ്ടു. പ്രസ്തുത തീരുമാനത്തിനെതിരായി പരാമർശം (2) പ്രകാരം പഞ്ചായത്ത് സെക്രട്ടറി വിയോജനക്കുറിപ്പ് സർക്കാരിൽ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ വിയോജനക്കുറിപ്പ് പരിഗണിച്ച് പരാമർശം (1) ലെ പഞ്ചായത്ത് സമിതി തീരുമാനം പഞ്ചായത്ത് രാജ് 1994 ലെ സെക്ഷൻ 191(2) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ടി ആക്ടിലെ സെക്ഷൻ 271-(ജി) പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊണ്ടും, ടി ആക്ടിലെ സെക്ഷൻ 191(4) പ്രകാരം പരാമർശം (1) ലെ പഞ്ചായത്ത് സമിതി തീരുമാനം സെക്ഷൻ 191(2) പ്രകാരമുള്ള നടപടിക്രമം പൂർത്തിയാക്കി അവസാന തീർപ്പുകൽപ്പിക്കുന്നതുവരെ നടപ്പാക്കുന്നത്

മാറ്റിവയ്ക്കുന്നതിന് പഞ്ചായത്തിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ സാഫല്യം കോംപ്ലക്സ്, പാളയം
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, വെട്ടം ഗ്രാമപഞ്ചായത്ത്,മലപ്പുറം ജില്ല
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/37/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 25-02-2025 15:18:33